# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **4634**

28/06/2013 - ലെ മറുപടിയ്ക്ക്

## അഗ്രിക്കൾച്ചർ ഇൻവെസ്റ്റേഴ്സ് മീറ്റ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.എ.മാധവൻ<br>ശ്രീ. എ.റ്റി.ജോർജ്ജ്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് അഗ്രിക്കൾച്ചർ ഇൻ വെസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ; | (എ) ഉണ്ട്. 'എമർജിംഗ് കേരള' മാതൃകയിൽ ഒരു 'ഗ്ലോബൽ അഗ്രോമീറ്റ്' സംഘടിപ്പിക്കുന്നതിനുള്ള ആലോചനാ യോഗങ്ങൾ ദ്രുതഗതിയിൽ നടന്നു വരുന്നു. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ഗ്ലോബൽ അഗ്രോമീറ്റ് വഴി കാർഷിക വിളകളുടെയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെയും ആഗോള വിപണന സാധ്യതകൾ മെച്ചപ്പെടുന്നതിന് എല്ലാ അനുബന്ധ സ്ഥാപനങ്ങളെയും ഒരു കുടക്കീഴിൽ കൊണ്ടുവന്ന് അവരുടെ ഉൽപ്പന്നങ്ങളെയും സാങ്കേതിക വിദ്യകളെയും പരസ്പരം പരിചയപ്പെടുത്തി ആഗോള തലത്തിൽ നിക്ഷേപകരെ ആകർഷിക്കുകയും പുതിയ സംരംഭകരെ കണ്ടെത്തുകയും ചെയ്യുന്നതിനുള്ള ഒരു വേദി ഒരുക്കുകയാണ് ഉദ്ദേശം. |
| (സി) കാർഷിക അഭിവൃദ്ധിക്ക് ഈ മീറ്റ് എത്രമാത്രം സഹായകരമാകും എന്നാണ് വിലയിരുത്തുന്നത് ; | (സി) ആഗോളതലത്തിൽ കാർഷിക മേഖലയിലെ നിക്ഷേപകരെ ആകർഷിക്കുകയും പുതിയ സംരംഭകരെ കണ്ടെത്തുകയും നമ്മുടെ ഉൽപ്പന്നങ്ങൾക്ക് അന്താരാഷ്ട്ര തലത്തിലുള്ള വിപണന സാധ്യതകൾ മെച്ചപ്പെടുത്തുകയും അതു വഴി ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില കിട്ടുകവഴി കർഷകരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും കഴിയും എന്നാണ് വിലയിരുത്തുന്നത്. |

| | | | |
|---|---|---|---|
| (ഡി) | ഏതെല്ലാം ഏജൻസികളാണ് ഇതു മായി സഹകരിക്കുന്നത് ; വിശദാം ശങ്ങൾ എന്തെല്ലാം? | (ഡി) | കോൺഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഇൻഡസ്ട്രീസ് (സി.ഐ.ഐ.) കേരളാ വെറ്ററനറി ആന്റ് ആനിമൽ സയൻസ്, കൃഷി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ് മുതലായ സ്ഥാപനങ്ങളാണ് ഇതുമായി സഹകരിക്കുന്നത്. ഇതു സംബന്ധിച്ചുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ